# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.8203 17.07.2014 -ൽ മറുപടിയ്ക്ക്

## വൊക്കേഷണൽ ഗൈഡൻസ് പദ്ധതി

ചോദ്യം

ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. എ.റ്റി.ജോർജ്ജ്
ശ്രീ. ഹൈബി ഈഡൻ
ശ്രീ. വി.ഡി.സതീശൻ

ഉത്തരം

ശ്രീ.ഷിബു ബേബി ജോൺ
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വഴി സംസ്ഥാനത്ത് വൊക്കേഷണൽ ഗൈഡൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിലെ 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ 14 വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ വഴിയും 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോകൾ വഴിയും 6 വികലാംഗർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയും വൊക്കേഷണൽ ഗൈഡൻസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഉന്നത വിദ്യാഭ്യാസത്തിന് ഉതകുന്ന തരത്തിലുള്ള വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശങ്ങളും, തൊഴിൽ തേടുന്നതിനുള്ള തൊഴിൽ മാർഗ്ഗ നിർദ്ദേശങ്ങളും, ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിലുള്ള ഉദ്യോഗാർത്ഥികൾക്ക് നൽകുവാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ മത്സര പരീക്ഷകൾക്ക് ഉദ്യോഗാർത്ഥികളെ തയ്യാറാക്കുന്നതിനുള്ള കോച്ചിംഗ് ക്ലാസുകളും നൽകി വരുന്നു. |
| (സി) | എന്തെല്ലാം പരിപാടികളാണ് പദ്ധതി വഴി സംഘടിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) യും (ഡി) യും | ഹൈസ്കൂൾ, ഹയർ സെക്കന്ററി, കോളേജ് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ സ്ഥാപനങ്ങളിൽ വച്ച് കരിയർ എക്സിബിഷൻ, കരിയർ സെമിനാർ എന്നിവ വിദഗ്ധ ഫാക്കൽറ്റികളെക്കൊണ്ട് നടത്തി വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കും ബോധവൽക്കരണം നടത്തുന്നു. ഇതുകൂടാതെ വിവിധ മത്സര പരീക്ഷാ സഹായിയായ പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും എല്ലാ ജില്ലാ |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | | |

| | | | |
|---|---|---|---|
| | | | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും യൂണിവേഴ്സിറ്റി ബ്യൂറോകളിലും വിദ്യാർത്ഥികൾക്കായി സജ്ജമാക്കിയിട്ടുണ്ട്. വിവിധ മത്സര പരീക്ഷകൾക്ക് പങ്കെടുക്കുന്നവർക്കായി കോച്ചിംഗ് ക്ലാസുകളും സംഘടിപ്പിച്ചു വരുന്നു. പ്രത്യേക പരിശീലന പരിപാടികളുടെ ഭാഗമായി വികലാംഗർ, എസ്.സി/എസ്.ടി എന്നിവർക്കായും പ്രത്യേകം കോച്ചിംഗ് ക്ലാസുകൾ സംഘടിപ്പിച്ച് വിദ്യാർത്ഥികളെ മൽസര പരീക്ഷകൾക്ക് സജ്ജരാക്കുന്നുണ്ട്.<br>കൂടാതെ സംസ്ഥാന യുവജനക്ഷേമ ബോർഡുമായി സഹകരിച്ചും ഇത്തരം പ്രവർത്തനങ്ങൾ സംസ്ഥാനത്തെ 84 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പിലാക്കി വരുന്നു . |

സെക്ഷൻ ഓഫീസർ